# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4155 – 13/12/2018-ലെ മറുപടിക്ക്

# ധനകാര്യ കമ്മീഷന്റെ പരിഗണന വിഷയങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. എ. എൻ. ഷംസീർ<br>ശ്രീ. കെ. ആൻസലൻ | ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| ചോദ്യം | ഉത്തരം |
|---|---|
| (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണന വിഷയങ്ങളിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തൊക്കെ യെന്ന് അറിയിക്കാമോ; | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ സംസ്ഥാനം ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ഇവയാണ്;<br>• സംസ്ഥാനങ്ങൾക്ക് വിഭജിച്ചുനൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തുക.<br>• സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്;<br>ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കു-വാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാന-മാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക്, ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നല്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50%-ൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |

| മാനദണ്ഡം | വെയിറ്റേജ് |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30 % |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30 % |
| വരുമാന അന്തരം | 20 % |
| വിസ്തീർണ്ണം | 10 % |
| വനമേഖല | 10 % |

പ്രത്യേക മേഖലഗ്രാന്റുകൾ നൽകുവാൻ ധനകാര്യകമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

(i) തീരപ്രദേശ സംരക്ഷണം – 1500 കോടി

(ii)വന സംരക്ഷണം – 1000 കോടി

(iii)റബ്ബർ കർഷകർക്കുള്ള സഹായം – 250 കോടി

(iv) മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം – 1500 കോടി

(v)മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യവികസനം – 750 കോടി

(vi) റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.

(vii) 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.

(viii) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും, 10% പെർഫോർമൻസ് ഗ്രാന്റും, ബാക്കി 30% തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥ വിന്യാസം എന്നിവ അടിസ്ഥാനമാക്കേണ്ടതാണ്. 10% പെർഫോർമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

| | |
|---|---|
| | (ix) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽ നിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.<br>(x) സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP യുടെ 3% ആയി നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.<br>(xi) തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടനാ ഭേദഗതി ശുപാർശ ചെയ്യുക. |
| (ബി) പ്ലാനിംഗ് കമ്മീഷനെ ഇല്ലാതാക്കി-യതോടെ ധനകാര്യ കമ്മീഷന്റെ ലക്ഷ്യം തന്നെ ദുർബലപ്പെട്ടിട്ടുണ്ടോ; | പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതോടെ സംസ്ഥാനങ്ങൾക്കുള്ള പദ്ധതി ധനസഹായം (NCA, ACA മുതലായവ) നൽകുന്ന സംവിധാനം നിർത്തലാക്കുകയും ഈ ചുമതല കേന്ദ്ര ധനകാര്യ കമ്മീഷന്റെ അധികാര പരിധിയിലായി മാറുകയും ചെയ്തു. എന്നാൽ നിബന്ധനകളില്ലാത്ത വിഭവ കൈമാറ്റം വർദ്ധിപ്പിക്കണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യവും മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നികുതി വിഭജനം ഭദ്രമായ ഫിസ്കൽ ഫെഡറലിസത്തിന് അത്യന്താപേക്ഷിതമാണെന്നതും പരിഗണിച്ച് കൊണ്ട് പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾ-ക്കുള്ള നികുതി വിഹിതം 32% ൽ നിന്നും 42% ആയി വർദ്ധിപ്പിച്ച് നൽകുകയുണ്ടായി. ആയതിനാൽ പ്ലാനിംഗ് കമ്മീഷൻ ഇല്ലാതായതോടെ ധനകാര്യ കമ്മീഷന്റെ ലക്ഷ്യം ദുർബലമാക്കപ്പെട്ടിട്ടില്ലെന്ന് കരുതാവുന്നതാണ്. എന്നാൽ ധനകാര്യ കമ്മിഷൻ അവാർഡിലെ വർദ്ധനയുടെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ വെട്ടികുറക്കുകയും അവയിലെ സംസ്ഥാന വിഹിതം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഇപ്പോൾ 15-ാ‍ം ധനകാര്യ കമ്മീഷനോട് 42 % ധനവിന്യാസം പുനപരിശോധന പരിഗണിക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (സി) പ്ലാനിംഗ് കമ്മീഷന്റെ അഭാവ-ത്തിലും സംസ്ഥാനം, ദിശാബോധ- | കേന്ദ്ര ആസൂത്രണ കമ്മീഷൻ പിരിച്ചുവിടുകയും അതിന് പകരമായി നീതി ആയോഗ് നിലവിൽ വരികയും ചെയ്തുവെങ്കിലും കേരളം ആസൂത്രണ പ്രക്രിയയുമായി |

| | |
|---|---|
| ത്തോടെയുള്ള വികസനത്തിനായി ആസൂത്രണ പ്രക്രിയ ശാക്തീകരിക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | മുന്നോട്ട് പോകുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിമൂന്നാം പഞ്ചവൽസര പദ്ധതിക്ക് ആസൂത്രണ ബോർഡ് രൂപം നൽകി (2017-22). അതിന്റെ ഭാഗമായി, സംസ്ഥാന ആസൂത്രണ ബോർഡിൽ വിവിധ വിഷയങ്ങളിലായി 43 കർമ്മസമിതികൾക്ക് രൂപം നൽകുകയും ഇവയുടെ ശുപാർശകൾ 2017-18, 2018-19 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2019-20 വാർഷിക പദ്ധതിയുടെ പ്രവർത്തനങ്ങൾ ആസൂത്രണ ബോർഡിൽ നടന്നു വരികയും ചെയ്യുന്നു. മാത്രമല്ല ഇതിന് മുന്നോടിയായി കേരളത്തിന്റെ പതിമൂന്നാം പദ്ധതിയുടെ സമീപന രേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ഡി) കേന്ദ്ര നയങ്ങൾ സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവിഷ്കരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ അറിയിക്കാമോ? | നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും, ജി.എസ്.റ്റി. നടപ്പിലാക്കിയതുമൂലമുണ്ടായ റവന്യൂ ശോഷണവും കാരണം സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ കുറവുണ്ടാവുകയും ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയ്ക്ക് ആവശ്യമായ പണം കണ്ടെത്താൻ കഴിയാത്ത അവസ്ഥ സംജാതമാവുകയും ചെയ്തു. ഇതിനെ അതിജീവിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ഇന്റലിജൻസ് സ്ക്വാഡുകളെ പുഃനസംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. നികുതി കുടിശ്ശിക അസസ്മെന്റ് കാര്യക്ഷമമാക്കുകയും, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും, നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. മോട്ടോർ വാഹന നികുതി ഇനത്തിൽ വർദ്ധനവ് |

| | |
|---|---|
| | ലഭിക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. ഭൂമിയുടെ ന്യായവിലയിൽ 10 % വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള ഫീസുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ചെലവ് കുറയ്ക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെയും ഭാഗമായി അനിവാര്യമായ വർക്ക് സ്റ്റഡി നടത്തിയശേഷം മാത്രമേ തസ്തികകൾ സൃഷ്ടിക്കുകയുള്ളൂ. തസ്തിക പുനർവിന്യാസം വഴിയും, ഇ-ഗവേണൻസിന്റെ നേട്ടങ്ങൾ പ്രയോജനപ്പെടുത്തിയും റവന്യൂ ചെലവുകൾ നിയന്ത്രിക്കും. ബജറ്റ് വിഹിതത്തിനു പുറമേ അധിക തുകയ്ക്കുള്ള അനുമതി നൽകുന്ന പ്രവണത കുറച്ചുകൊണ്ടു വരും. സംസ്ഥാന സമ്പദ്‌വ്യവസ്ഥയുടെ നിയന്ത്രണത്തിനും നിരീക്ഷണത്തിനുമായി 2017 ഫെബ്രുവരി മുതൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി വകുപ്പുകൾ പണം ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന പ്രവണത നിയന്ത്രിക്കും. നിലവിലുള്ള ചെലവ് ചുരുക്കൽ നിയന്ത്രണങ്ങൾ കർശനമായി പാലിക്കും. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്ര ഉൾപ്പെടെയുള്ള യാത്രാച്ചെലവുകൾ, ടെലഫോൺ ചാർജ്ജുകൾ എന്നിവയ്ക്കും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

Sreekala

**സെക്ഷൻ ഓഫീസർ**